Draft #6 of File 1548/AD AI 4/2018/AD A 1 Approved by Registrar on 24-Nov-2022 05:05 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 1548/AD AI 4/2018/എ ഡി എ 1 തീയതി: 24.11.2022

പ്രിയദർശിനി ഹിൽസ്

<u>**സർക്കുലർ**</u>

വിഷയം:- ഭരണവിഭാഗം - 2022 നവംബർ 26 ഭരണഘടനാദിനം (Constitution Day) ആയി ആചരിക്കുന്നത് - സംബന്ധിച്ച്

സൂചന :- പൊതുഭരണ (ഏകോപന) വകുപ്പിൽ നിന്നുമുള്ള 16.11.2022 തീയതിയിലെ സർക്കുലർ നം. CDn.4/172/2022/GAD.

ഇന്ത്യൻ ഭരണഘടന അംഗീകരിക്കപ്പെട്ടതിന്റെയും, ഭരണഘടനാ ശിൽപ്പിയായ ബാബാസാഹിബ് ഡോ. ഭീംറാവു അംബേദ്കറിന് ആദരവ് അർപ്പിക്കുന്നതിന്റെയും ഭാഗമായി എല്ലാവർഷവും നവംബർ 26 ഭരണഘടനാ ദിനമായി ആചരിച്ചുവരുന്നു. ഇതിനോടനുബന്ധിച്ച് ഭരണഘടനയുടെ ആമുഖം എല്ലാ സർക്കാർ സ്ഥാപനങ്ങളിലും വായിക്കേണ്ടതാണെന്നും, വിവിധ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണെന്നും സൂചന പരിപത്രം പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

ഇതിൻറെ ഭാഗമായി 26.11.2022, ശനിയാഴ്ച രാവിലെ 11 മണിയ്ക്ക് സർവ്വകലാശാല ഭരണവിഭാഗം മന്ദിരത്തിലെ ചത്വരത്തിൽ വെച്ച് ഭരണഘടനയുടെ ആമുഖം വായിക്കപ്പെടുന്നതാണ്.

പ്രസ്തുത ചടങ്ങിൽ സർവ്വകലാശാലാ സമൂഹത്തിൽപ്പെട്ട എല്ലാവരും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പങ്കെടുക്കേണ്ടതാണ്.

26.11.2022, ശനിയാഴ്ച പ്രവൃത്തിദിനമല്ലാത്ത സർവ്വകലാശാല പഠനവകുപ്പുകളിൽ, 25.11.2022, വെള്ളിയാഴ്ച രാവിലെ 11 മണിക്ക് ബന്ധപ്പെട്ട വകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ പ്രസ്തുത ചടങ്ങ് സംഘടിപ്പിക്കേണ്ടതാണ്.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

സ്വീകർത്താവ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെന്റുകൾ /സ്കൂളുകൾ / സെന്ററുകൾ
2. വൈസ് ചാൻസിലറുടെ / പ്രൊ വൈസ് ചാൻസിലറുടെ പി.എസ്
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ /ഫിനാൻസ് ഓഫീസറുടെ പി.എ.
4. സെക്യൂരിറ്റി ഓഫീസർ / എസ്റ്റേറ്റ് ഓഫീസർ (ആവശ്യമായ ക്രമീകരണങ്ങൾക്കായി)
5. പബ്ലിക് റിലേഷൻസ് ഓഫീസർ (ആവശ്യമായ ക്രമീകരണങ്ങൾക്കായി)
6. റെക്കോർഡ്സ് / നോട്ടീസ് ബോർഡ് / ഫയൽ കോപ്പി.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

# ഭാരതത്തിൻറെ ഭരണഘടന

# ആമുഖം

ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ

റിപ്പബ്ലിക്കായി സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം;

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ നീതിയും;

ചിന്തയ്ക്കും ആശയ പ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും;

പദവിയിലും അവസരത്തിലും സമത്വവും;

സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിൻറെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തിക്കൊണ്ട്

സാഹോദര്യം പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഇതിനാൽ ഈ

ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

Draft #6 of File 1548/AD AI 4/2018/AD A 1 Approved by Registrar on 24-Nov-2022 05:05 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം